(ബി) ഇതിനായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	പ്രോജക്ട്	ഭരണാനുമതി ലഭിച്ച തുക	ഫണ്ട് അനുവദിച്ചത്	ഫണ്ട് ചെലവഴിച്ചത്
1	ഇന്നവേറ്റീവ് അക്വാകൾച്ചർ പ്രാക്ടീസ്	500	50	50
2	ഇന്റഗ്രേറ്റഡ് ഫാമിംഗ് ഓഫ് ഫിഷ്	400	200	200
3	മത്സ്യ സമൃദ്ധി	400	400	400
4	പടുത കുളത്തിലെ മത്സ്യകൃഷി	75	75	75
5	മത്സ്യ കർഷക വികസന ഏജൻസി	800	800	800
6	പൊതുജലാശയങ്ങളിൽ മത്സ്യ കഞ്ഞുങ്ങളെ നിക്ഷേപിക്കൽ	250	130	130
	ആകെ	2425	1655	1655

(സി) ആലപ്പുഴ, എറണാകുളം ജില്ലകളിലെ പൊക്കാളി നിലങ്ങളിലും തൃശ്ശൂരും കണ്ണൂരും ചെമ്മീൻ/മത്സ്യ കൃഷിയുടെ ഉല്പാദനം വർദ്ധിപ്പിക്കുക, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, നൂതന മത്സ്യകൃഷി സമ്പ്രദായങ്ങൾ മത്സ്യകർഷകരിൽ എത്തിക്കുന്നതിനും ഓരുജല മത്സ്യങ്ങളുടെ ബഹുകൃഷി രീതി, കടൽ മത്സ്യങ്ങളുടെ കൂടുകളിലുള്ള കൃഷി, വനാമി ചെമ്മീന്റെ സൗഹൃദ കൃഷി രീതി എന്നിവയാണ് പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിച്ച പദ്ധതികൾ, മത്സ്യ സമൃദ്ധി പദ്ധതിയിലൂടെ ശുദ്ധജല മത്സ്യകൃഷി, പാടശേഖരങ്ങളിലെ മത്സ്യ/ചെമ്മീൻ കൃഷി, പൊക്കാളി, കൈപ്പാട് നിലങ്ങളിലെ ചെമ്മീൻ കൃഷി, ഞണ്ട് കൃഷി, കരിമീൻ കൃഷി, അടുക്കള കുളങ്ങൾ, കൂട്/പെൻ കൃഷി ലൈവ് സ്റ്റോക്ക് ഫിഷ് ഫാമുകൾ, ഡെമോൺസ്ട്രേഷൻ ഫാമുകൾ, പടുത കുളത്തിലെ മത്സ്യകൃഷി, പൊതുജലാശയങ്ങളിൽ മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ മുതലായവ നടപ്പിലാക്കിവരുന്നു.

തീരദേശ പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ

113 (4448) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാസർഗോഡ് ജില്ലയിൽ തീരദേശപദ്ധതിയിൽ ഉൾപ്പെടുത്തി എത്ര റോഡുകൾക്കാണ് ഭരണാനുമതി നൽകിയതെന്ന് റോഡ്, പഞ്ചായത്ത്/നഗരസഭ, അടങ്കൽ തുക, തീയതി തിരിച്ച് വിശദമാക്കാമോ ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ബാക്കി പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്തെന്നും പ്രവൃത്തി തിരിച്ച് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ 65 റോഡു പ്രവൃത്തികൾക്ക് തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ലിസ്റ്റ് 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(ബി) കാസർഗോഡ് ജില്ലയിൽ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി 65 റോഡ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയതിൽ 47 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ലിസ്റ്റ് 2-ലും* നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ലിസ്റ്റ് 3-ലും* ഉൾപ്പെടുത്തിയിട്ടുണ്ട്.

എറണാകുളത്തെ വല നിർമ്മാണ ഫാക്ടറി

114 (4449) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളത്തെ വല നിർമ്മാണ ഫാക്ടറിയിലെ പഴയ വല നിർമ്മാണ യന്ത്രങ്ങൾ ഘട്ടം ഘട്ടമായി മാറ്റി പുതിയ യന്ത്രങ്ങൾ സ്ഥാപിക്കാനായി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലേക്ക് എത്ര രൂപയാണ് വകയിരുത്തിയിരുന്നത്; ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; ഏതെല്ലാം ഇനിയും സ്ഥാപിക്കാനുണ്ട് ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) എറണാകുളം ജില്ലയിൽ സ്ഥിതി ചെയ്യുന്ന പഴയ വല നിർമ്മാണ ശാലയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 5 കോടി രൂപയാണ് 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ തുകയൊന്നും തന്നെ ഇതുവരെ ചെലവഴിച്ചിട്ടില്ല. പ്രസ്തുത ഫാക്ടറിയുടെ നവീകരണ പ്രവർത്തനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ എറണാകുളം വല നിർമ്മാണ ശാലയിലെ പഴയതും ഉത്പാദനക്ഷമത കുറഞ്ഞതും കാലഹരണപ്പെട്ടതുമായ 7 മെഷീനറികൾ മാറ്റി പുതിയ വിദേശ നിർമ്മിത മെഷീനറികൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.